പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

26.6.2012 ൽ
മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3844

# ഐ. ടി. സംരംഭങ്ങൾക്ക് സെസ്സ് പദവി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ ;<br>ശ്രീ. പി.റ്റി.എ. റഹീം ;<br>ശ്രീ. എസ്. ശർമ്മ ;<br>ശ്രീ. രാജു എബ്രഹാം ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ഐ. ടി. സംരംഭങ്ങൾക്ക് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ എന്തെല്ലാം വ്യവസ്ഥകൾക്കനുസൃതമായിട്ടാണ്; വിശദമാക്കുമോ; | എ) ഐ.ടി. സംരംഭങ്ങൾക്ക് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 10 ഹെക്ടർ തുടർച്ചയായുള്ള തരിശുഭൂമി (കെട്ടിടങ്ങളില്ലാത്ത) ഉണ്ടായിരിക്കണം. പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭ്യമാകേണ്ട സ്ഥലത്തിനെ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ ശുപാർശയും പ്രധാന രേഖകളായ ഉടമസ്ഥാവകാശം, കൈവശാവകാശം, ബാധ്യതാ സർട്ടിഫിക്കറ്റ് എന്നിവയുണ്ടായിരിക്കണം. A ടയർ സിറ്റിയാണെങ്കിൽ ഒരു ലക്ഷം ചതുരശ്ര മീറ്ററും B1 ടയർ സിറ്റിയിൽ അമ്പതിനായിരം ചതുരശ്ര മീറ്ററും B2 ടയർ സിറ്റിയിൽ 25000 ചതുരശ്ര മീറ്ററും വിസ്തീർണ്ണത്തിൽ കുറയാത്ത ഐ.ടി. മന്ദിരങ്ങൾ കെട്ടിയിരിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ നിയമപ്രകാരം പ്രത്യേക സാമ്പത്തിക മേഖലയിൽ ഏറ്റവും ചുരുങ്ങിയത് 50 ശതമാനം ഭൂമി പ്രോസസ്സിംഗ് ഏരിയയായി വേലികെട്ടി തിരിച്ചിരിക്കണം. പ്രത്യേക സാമ്പത്തിക മേഖലയിലുള്ള ഐ.ടി./ ഐ.ടി.ഇ.എസ്. സംരംഭങ്ങൾക്ക് 24 മണിക്കൂറും സുഗമമായി വൈദ്യുതി ലഭ്യത ഉറപ്പാക്കണം. അതുപോലെ തന്നെ മികവുറ്റ Network connectivity, Data transfer സൗകര്യങ്ങൾ എയർ കണ്ടീഷനിംഗ്, തുടങ്ങിയ സൗകര്യങ്ങൾ, പൂർണ്ണമായും ഫർണിഷ് ചെയ്തിട്ടുള്ള "Plug & Play" മാതൃകയിലുള്ള ഓഫീസ് സൗകര്യങ്ങൾ തുടങ്ങിയവയും ഉറപ്പാക്കേണ്ടതാണ്. |
| ബി) സെസ്സ് പദവി ലഭിച്ച ഒരു ഐ. ടി. സ്ഥാപനം ആ പ്രോജക്ടിന്റെ എത്ര ശതമാനം എത്ര സമയത്തിനകം പ്രാവർത്തികമാക്കേണ്ടതായിട്ടുണ്ട്; പ്രോജക്ട് പൂർണ്ണമായും നടപ്പാക്കുന്നതിന് സമയപരിധിയുണ്ടോ; വിശദമാക്കുമോ; | ബി) പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ ലഭിച്ചത് മുതൽ 5 വർഷത്തിനുള്ളിൽ Total Built-up area യുടെ 50 ശതമാനം പ്രവൃത്തികൾ ഡെവലപ്പർ/കോ-ഡെവലപ്പർ പൂർത്തീകരിച്ചിരിക്കണം, പത്ത് വർഷത്തിനുള്ളിൽ 100 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിരിക്കണം. കൂടാതെ അനുമതി ലഭിച്ച് മൂന്ന് വർഷത്തിനുള്ളിൽ ഏതെങ്കിലും ഒരു ഐ.ടി. സംരംഭമെങ്കിലും പ്രവർത്തന സജ്ജമാക്കി ആദ്യ കയറ്റുമതി നടത്തുകയും വേണം. |

സി) സ്മാർട്ട്സിറ്റി, സെസ്സ് തുടങ്ങിയ പദവി ലഭിച്ചതിനുശേഷം ആദ്യത്തെ മൂന്ന്, നാല്, അഞ്ച് വർഷങ്ങൾക്കകം ഓരോ ഘട്ടത്തിലും പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങളുടെ എത്രശതമാനം വീതമാണ് പൂർത്തിയാക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

സി) സ്മാർട്ട്സിറ്റി പ്രോജക്ടിന്റെ ഫ്രെയിംവർക്ക് എഗ്രിമെന്റ് അനുസരിച്ച് ആദ്യത്തെ 3, 4, 5 വർഷത്തിനുള്ളിൽ താഴെപ്പറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

| Description | At the end of 3rd year | At the end of 4th year | At the end of 5th year |
|---|---|---|---|
| IT/ITES Office space | 39% | 53% | 70% |
| Commercial space | 100% | - | - |
| Residential space | 42% | 60% | 70% |

ഡി) സെസ്സ് വ്യവസ്ഥയനുസരിച്ച് സ്മാർട്ട് സിറ്റിയിൽ എത്ര ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ. ടി. മന്ദിരം അഞ്ച് വർഷത്തിനകം പ്രവർത്തിപ്പിക്കേണ്ടതായിട്ടുണ്ട്; ഇതിനായി എത്രചതുരശ്ര അടി വിസ്തീർണ്ണമുള്ള മന്ദിരത്തിന്റെ നിർമ്മാണ പ്രവൃത്തിയാണ് ടികോം ആരംഭിച്ചത്; വ്യക്തമാക്കുമോ;

ഡി) ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം ഏറ്റവും കുറഞ്ഞത് 8.8 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ്. നിലവിൽ 10900 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ സ്മാർട്ട്സിറ്റി സെയിൽസ് പവലിയൻ പൂർത്തീകരിച്ചിട്ടുണ്ട്.

ഇ) സെസ്സ് പദവി ലഭിക്കേണ്ടത് സംബന്ധിച്ച് ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച നിർദ്ദേശം എന്താണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; അടിസ്ഥാന പദ്ധതിയിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം മാറ്റങ്ങളാണ് പുതിയ നിർദ്ദേശത്തിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഇ) 246 ഏക്കർ ഭൂമിക്ക് ഒറ്റ സെസ്സ് പദവി ലഭിക്കുന്നതിനുള്ള നിർദ്ദേശമാണ് സമർപ്പിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ